# ST ANTONYS LP SCHOOL VALLAKKADAVU

# ACADEMIC MASTER PLAN 2025-26



# ഉള്ളടക്കം

1 ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘു ചരിത്രം 4. വിദ്യാലയം-മികവിൻ്റെ കേന്ദ്രം-കാഴ്ചപ്പാട്

5 പദ്ധതി രൂപികരണ പ്രവർത്തനങ്ങൾ-വിവിധ ഘട്ടങ്ങൾ

6. നിലവിലുള്ള അവസ്ഥ-വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിറ്ററിംഗ്

11. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്

2. മികവുകൾ, നേട്ടങ്ങൾ

3. കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

4. നിലവിലുള്ള കമ്മറ്റികൾ (അംഗങ്ങളുടെ പട്ടിക)

അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്:സെന്റ് ആന്റണീസ് എൽ.പി.എസ്., വള്ളക്കടവ്

വിലാസം:കടമാക്കുഴി പി.ഒ., വള്ളക്കടവ് - 685515

ഫോൺ: 9947463131

വിദ്യാഭ്യാസ ജില്ല: കട്ടപ്പന

വിദ്യാഭ്യാസ ഉപജില്ല :കട്ടപ്പന

| | | |
|---|---|---|
| റവന്യൂ ജില്ല | : | ഇടുക്കി |
| ബി.ആർ.ഡി. | : | കട്ടപ്പന |
| സി.ആർ.സി. | : | വാഴവര |
| ഗ്രാമപഞ്ചായത്ത് | : | കട്ടപ്പന |
| ബ്ലോക്ക് പഞ്ചായത്ത് | : | കട്ടപ്പന |
| ജില്ലാ പഞ്ചായത്ത് | : | ഇടുക്കി |
| ലോകസഭാ മണ്ഡലം | : | ഇടുക്കി |
| താലൂക്ക് | : | ഇടുക്കി |
| വില്ലേജ് | : | കട്ടപ്പന |
| ഇ.മെയിൽ | : | *stantonyslps5@gmail.com* |

## ലക്ഷ്യങ്ങൾ

1. കൂടുതൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കുക.
2. ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷികളും, ധാരണകളും നൈപുണികളും ഓരോ കുട്ടിയുടേയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.
3. കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും, പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.
4. പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുക
5. ഐ.സി.റ്റി സഹായത്തോടെ പഠനപ്രവർത്തനങ്ങൾ ചെയ്യുക
6. പഠനത്തിൽ പിന്നോക്കകാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കുക
7. സ്കൂൾ ലൈബ്രറി പഠനപ്രക്രിയയുടെ ഭാഗമാക്കുക
8. ആനുകാലിക സംഭവങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നല്കുക.
9. പാസ്റ്റിക് മുക്ത വിദ്യാലയ പരിസരം എന്ന ആശയം നടപ്പിലാക്കുക

## ആമുഖം-ലഘു ചരിത്രം

1950 കളുടെ ആരംഭത്തിൽ കേരളത്തിലെ പല ഭാഗത്തുനിന്നും ജനങ്ങൾ കുടിയേറി പ്പാർത്ത് ഒരു പ്രദേശമാണ് വള്ളക്കടവ്. അന്നത്തെ ആളുകൾ കാട്ടുമൃഗങ്ങളോടും, പകർച്ചവ്യാധികളോടും മല്ലിട്ട് ജീവിതം കരുപ്പിടിപ്പിട്ടു തുടങ്ങിയപ്പോൾ ഇത് ഒരു ചെറു ഗ്രാമമായി പുരോഗമിച്ചു. വള്ളക്കടവിലെ ആദ്യകാല കർഷകർ വിദ്യാഭ്യാസത്തിൽ പ്രാധ്യാന്യം മനസ്സിലാക്കിയിരുന്നെങ്കിലും ഇളം തലമുറയ്ക്ക് വിദ്യ നേടിയെടുക്കുവാൻ ഒരു പ്രൈമറി സ്കൂൾ പോലും ഇവിടിയില്ലായിരുന്നു.

അന്ന് ഇവിടുത്തെ കുട്ടികൾ ഏറെ ബുദ്ധിമുട്ടി ബഹുദൂരം കാൽനടയാത്ര ചെയ്ത് പഠിക്കേണ്ടി വന്നു. തങ്ങളുടെ കുഞ്ഞുങ്ങളുടെ കഷ്ടപ്പാടുകൾ കണ്ട് വിഷമിച്ച മുതിർന്നവർ ഇവിടെ ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കണമെന്ന് തീരുമാനിച്ചു. 1959 ൽ പി.എസ്.പി. മന്ത്രിസഭയിലെ മുഖ്യമന്ത്രിയായിരുന്ന പട്ടംതാണുപിള്ളയ്ക്ക് സ്കൂൾ സ്ഥാപിച്ചു കിട്ടാൻ അപേക്ഷ കൊടുത്തു. എന്നാൽ ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനത മൂലം അനുവാദം ലഭിച്ചില്ല. 1959 ൽ റവ. ഫാ. ജോസഫ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്രിസ്തീയ ദേവാലയത്തോട് ചേർന്ന് മറ്റ് സൗകര്യങ്ങളുടെ അഭാവത്തിൽ, സ്വകാര്യ വിദ്യാഭ്യാസം അതിൽ ആരംഭിക്കുകയും, കുട്ടികളെ കട്ടപ്പന യിൽ കൊണ്ടുപോയി വാർഷിക പരീക്ഷ എഴുതിക്കുകയും ചെയ്തുപോന്നു. തദ്ദേശ വാസികളായ നാനാജാതി മതസ്ഥരുടെ സഹായ സഹകരണങ്ങളോടെ 1960 ൽ ഒരു നല്ല കെട്ടിടം പണിത് വിദ്യാഭ്യാസം ആരംഭിച്ചു.

സ്കൂളിന്റെ ആരംഭത്തിൽ അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചവർ ശ്രീ. ഒ.വി. വർക്കി, സി.ഇ. ജോസഫ്, കെ.ഒ. തോമസ്, ശ്രീ. സെബാസ്റ്റ്യൻ, ശ്രീമതി കെ.എ. അന്ന, ശ്രീമതി ഗ്രേസി, ശ്രീമതി ത്രേസ്യാമ്മ ആണ്ടൂർ എന്നിവരായിരുന്നു.

1960 ൽ ആരംഭിച്ച പ്രൈവറ്റ് എഡ്യൂക്കേഷൻ കുറച്ചുകാലത്തേയ്ക്ക് നിന്നുപോയി എങ്കിലും നിരാശരാകാതെ നാട്ടുകൾ സ്കൂൾ അംഗീകരിച്ചു കിട്ടുവാൻ പരിശ്രമിച്ചു കൊണ്ടിരുന്നു. അങ്ങനെ ഏറെ നാളത്തെ കാത്തിരിപ്പിനും പരിശ്രമത്തിനും ഒടുവിൽ 1976 ജൂൺ 1 മുതൽ എൽ.പി. സ്കൂളിന് അനുമതി ലഭിച്ചു. തദ്ദേശവാസികൾക്ക് സന്തോഷവുമായി. ഇടവക മധ്യസ്ഥനായ വി. അന്തോനീസിന്റെ നാമധേയം തന്നെ സ്കൂളിനും നല്കി. നാട്ടുകാരുടെ ആഗ്രഹാനുസരണം ഈ സ്കൂളിന്റെ മേൽനോട്ടം കാർമലൈറ്റ് സിസ്റ്റേഴ്സിനെ ചുമതലപ്പെടുത്തി. സ്കൂൾ ആരംഭത്തിൽ തന്നെ 90-ഓളം കുട്ടികൾ ഒന്നാം ക്ലാസ്സിൽ വിദ്യാഭ്യാസം ആരംഭിച്ചു.

1976 ഓഗസ്റ്റ് ആദ്യവാരം മുതൽ കുട്ടികൾക്ക് ഉച്ചക്ഷേണം കൊടുത്തു തുടങ്ങി. 1977 ജൂൺ 1 ന് രണ്ട് ഡിവിഷനോടുകൂടി രണ്ടാം ക്ലാസ് ആരംഭിച്ചു. 1978-70 സ്കൂൾ വർഷത്തിൽ മൂന്നാം ക്ലാസ് ആരംഭിച്ചു. 1979 ജൂൺ മുതൽ 4-ാാം ക്ലാസ് അനുവദിച്ചു കൊണ്ട് ഇതൊരു പൂർണ്ണ എൽ.പി. സ്കൂൾ ആകാനുള്ള അനുവാദം ലഭിച്ചു.

ഏറെത്താമസിക്കാതെ തന്നെ പുതിയ ക്ലാസ്സുകൾക്ക് ആവശ്യമായ കെട്ടിടം ബഹു മാനേജർ റവ ഫാ. എബ്രാഹം കുന്നക്കാടിൻ്റെയും നല്ലവരായ നാട്ടുക്കാരുടെയും സമ്പൂർണ്ണ സഹകരണത്തോടെ നിർമ്മിച്ചു. ധാരാളം കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങി ജീവിതത്തിൻറെ വിവിധ തുറകളിൽ പ്രശോഭിക്കുന്നു.

ഇന്ന് 50 വർഷങ്ങൾ പിന്നിടുമ്പോൾ സാഹചര്യങ്ങളെല്ലാം പ്രതികൂലമാണെങ്കിലും പ്രതിസന്ധികളെ തരണം ചെയ്ത് ഈ നാടിന്റെ അഭിമാനമായി സെൻ്റ് ആൻ്റണിസ് സ്കൂൾ ഇന്നും നിലകൊള്ളുന്നു. ഈ പ്രതിസന്ധിഘട്ടത്തിലും 33 കുട്ടികൾ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിക്കുന്നു. നാല് ഡിവിഷനുകളിലായി ഹെഡ്മിസ്ട്രസ് ഉൾപ്പെടെ നാല് അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

വിദ്യാലയ മികവിന്റെ കേന്ദ്രം

1. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും, മനോഭാവങ്ങളും രൂപപ്പെടുത്തൽ

3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും

4. മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു ണ്ടെന്ന് ഉറപ്പാക്കൽ.

5. പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും, സുസ്ഥിരവികസ കാഴ്ചപ്പാട് രൂപപ്പെടു ത്തുന്നതിനും കുട്ടികളെ പ്രാപ്തമാക്കൽ

**അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണ പ്രവർത്തനങ്ങൾ**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാ ഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിൻ്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണല്ലോ. കുട്ടികളുടെ പൊതുവായതും, ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ

അവസരങ്ങൾ ഒരുക്കുന്നതിനുവേണ്ടി അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപികരണ

പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിലും ആരംഭിച്ചും

ബഹു. ഹെഡ്മിസ്ട്രസ് ശ്രീമതി ആശ എം ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനായോഗം കൂടി. പി.റ്റി.എ. എം.പി.റ്റി.എ. പ്രസിഡന്റുമാർ, എസ്.ആർ.ജി. കൺവീനർ, മറ്റ് അദ്ധ്യാപകർ എല്ലാവരും ഈ യോഗത്തിൽ സംബന്ധിച്ചു. അക്കാദ മിക മാസ്റ്റർ പ്ലാൻ എന്ത്? എങ്ങനെ എന്നിങ്ങനെയുള്ള കാര്യങ്ങൾ എച്ച്.എം. വിശദീകരിച്ചു. ഈ വിദ്യാലയത്തിലേയ്ക്ക് കൂടുതൽ കുട്ടികളെ എത്തിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് തീർച്ചപ്പെടുത്തി.

നിലവിലുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുകയും, പിന്നോ ക്കനിലവാരത്തിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുക തുട ങ്ങിയ കാര്യങ്ങൾ പൊതുധാരണയായി.

തുടർന്നുള്ള ദിവസങ്ങളിൽ എസ്.ആർ.ജി. കൺവീനർ സഹ അദ്ധ്യാപകരുടെ സഹാ യത്തോടെ അക്കാദമിക വികസന കാഴ്ചപ്പാട് കരരൂപരേഖ തയ്യാറാക്കുന്ന പ്രവർത്ത നങ്ങളിൽ ഏർപ്പെട്ടു.

05/05/2025 ൽ സ്റ്റാഫ് കൗൺസിൽ കൂടി അക്കാദമിക വികസന രേഖ അവതരിപ്പിച്ച് മെച്ചപ്പെടുത്തുകയും തുടർന്ന് സബ്ജക്ടറ്റ് കമ്മറ്റികൾ ചേർന്ന് പദ്ധതികളും പരിപാടി കളും ആവിഷ്ക്കരിക്കുകയും ചെയ്തു.

നിലവിലെ അവസ്ഥാ വിശകലനം

<u>ഭൗതികം-നേട്ടങ്ങൾ</u>

സ്കൂളിലേയ്ക്ക് കോൺക്രീറ്റ് റോഡ്, ആകർഷകമായ ചുറ്റുമതിൽ, ചിത്രങ്ങളാൽ മനോഹരമാക്കിയ ചുവരുകൾ, മനോഹരമായ ഉദ്യാനം

<u>ഭൗതികം-പരിമിതികൾ</u>

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. ആകർഷകമായ ക്ലാസ്സ് മുറികളുടെ അഭാവം.

അവസരങ്ങൾ ഒരുക്കുന്നതിനുവേണ്ടി അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണ

പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിലും ആരംഭിച്ചും

ബഹു. ഹെഡ്മിസ്ട്രസ് ശ്രീമതി ആശ എം ജേക്കബിന്റെ അദ്ധ്യക്ഷതയിൽ ഒരു ആലോചനായോഗം കൂടി. പി.റ്റി.എ. എം.പി.റ്റി.എ. പ്രസിഡൻ്റുമാർ, എസ്.ആർ.ജി. കൺവീനർ, മറ്റ് അദ്ധ്യാപകർ എല്ലാവരും ഈ യോഗത്തിൽ സംബന്ധിച്ചു. അക്കാദ മിക മാസ്റ്റർ പ്ലാൻ എന്ത്? എങ്ങനെ എന്നിങ്ങനെയുള്ള കാര്യങ്ങൾ എച്ച്.എം. വിശദീകരിച്ചു. ഈ വിദ്യാലയത്തിലേയ്ക്ക് കൂടുതൽ കുട്ടികളെ എത്തിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് തീർച്ചപ്പെടുത്തി.

നിലവിലുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുകയും, പിന്നോ ക്കനിലവാരത്തിൽപ്പെട്ട കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുകയും ചെയ്യുക തുട ങ്ങിയ കാര്യങ്ങൾ പൊതുധാരണയായി.

തുടർന്നുള്ള ദിവസങ്ങളിൽ എസ്.ആർ.ജി. കൺവീനർ സഹ അദ്ധ്യാപകരുടെ സഹാ യത്തോടെ അക്കാദമിക വികസന കാഴ്ചപ്പാട് കരരൂപരേഖ തയ്യാറാക്കുന്ന പ്രവർത്ത നങ്ങളിൽ ഏർപ്പെട്ടു.

05/05/2025 ൽ സ്റ്റാഫ് കൗൺസിൽ കൂടി അക്കാദമിക വികസന രേഖ അവതരിപ്പിച്ച് മെച്ചപ്പെടുത്തുകയും തുടർന്ന് സബ്ജക്ടറ്റ് കമ്മറ്റികൾ ചേർന്ന് പദ്ധതികളും പരിപാടി കളും ആവിഷ്ക്കരിക്കുകയും ചെയ്തു.

നിലവിലെ അവസ്ഥാ വിശകലനം

<u>ഭൗതികം-നേട്ടങ്ങൾ</u>

സ്കൂളിലേയ്ക്ക് കോൺക്രീറ്റ് റോഡ്, ആകർഷകമായ ചുറ്റുമതിൽ, ചിത്രങ്ങളാൽ മനോഹരമാക്കിയ ചുവരുകൾ, മനോഹരമായ ഉദ്യാനം

<u>ഭൗതികം-പരിമിതികൾ</u>

ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. ആകർഷകമായ ക്ലാസ്സ് മുറികളുടെ അഭാവം.

വിശാലമായ കളിസ്ഥലം പുനർനിർമ്മിക്കേണ്ടതാണ്. ഭോജനശാല ആവശ്യമാണ്. ജൈവവൈവിധ്യ പാർക്ക് മെച്ചപ്പെടുത്തണം. സ്കൂൾ വാഹനത്തിന്റെ അഭാവം

**അക്കാദമിക നേട്ടങ്ങൾ**

**അക്കാദമികം-പരിമിതികൾ**

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

എൽ.പി. സ്കൂളുകളിൽ പ്രഥമാദ്ധ്യാപകനെ ക്ലാസ്സ് ചാർജ്ജിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി പകരം ആളെ നിയമിച്ച് കുട്ടികൾക്ക് പഠനസമയം പൂർണ്ണമായി ലഭിക്കാൻ സൗകര്യം ഒരുക്കണം. ക്ലാസ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കാലാകായിക പരിശീലനത്തിന് അദ്ധ്യാപകരുടെ പൂർണ്ണമായ സേവനം ലഭ്യമാകുന്നില്ല

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| ഭാഷാശേഷി വികസനം | കളിസ്ഥലം | പി.ടി.എ.ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | ക്ലാസ്സ് മുറികൾ | വിദ്യാലയവികസനസമിതി |
| ഇംഗ്ലീഷ്പഠന പരിപോഷണം | ഓഫീസ് മുറി | പൂർവ്വവിദ്യാർത്ഥിസംഘടന |
| വായനാ പരിപോഷണം | സ്റ്റാഫ് മുറി | എസ്.ആർ.ജി |
| ലൈബ്രറി ശാക്തീകരണം | കമ്പ്യൂട്ടർ റൂം | ഗ്രന്ഥശാലകൾ |
| ഭാഷോത്സവം | ലൈബ്രറി | സന്നദ്ധസംഘടനകൾ |
| കലാ, കായിക മേള | അടുക്കള | വിദ്യാഭ്യാസപ്രവർത്തകർ പൂർവ്വ അദ്ധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ഐ.റ്റി. പരിശീലനം | ഡൈനിംഗ് ഹാൾ | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| അദ്ധ്യാപക ശാക്തീകരണം | മാലിന്യസംസ്ക്കരണം | പ്രദേശിക പി.റ്റി.എ. |
| ക്ലാസ്സ് പി.റ്റി.എ. | ഒരു കുട്ടിക്ക് ഒരു ലൈബ്രറി പുസ്തകം | ഭവനസന്ദർശനം |
| സ്കൂൾ മാസിക | | സ്കൂൾ സുരക്ഷ സമിതി |
| എസ്.ആർ.ജി. ശാക്തീകരണം | | |
| ശാസ്ത്രാഭിരുചി വളർത്തൽ | | |
| മെഡിക്കൽ ക്യാമ്പ് | | |
| പോഷകാഹാര പരിപാടി | | |
| ടേം മൂല്യനിർണ്ണയം | | |
| നിരന്തര വിലയിരുത്തൽ | | |
| ദിനാചരണങ്ങൾ | | |
| സുരക്ഷ കമ്മറ്റി | | |

# പദ്ധതി വിശദാംശങ്ങൾ

## ഇംഗ്ലീഷ്

പ്രവർത്തനം-1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് ഭാഷ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നല്കുക | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം-2

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ലിപിപരിചയം

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവിണ്യം നേടൽ | കുട്ടികളെ ഓരോ ദിവസവും പഠിപ്പിക്കുന്ന വാക്കുകൾ ഘടന അനുസരിച്ചു ഫോർ ലൈൻ ബുക്കിൽ എഴുതിക്കുന്നു. | 1 വർഷം ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |

പ്രവർത്തനം-3

പ്രവർത്തനത്തിന്റെ പേര് : Communicative English class

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാൻ കഴിവ് നേടുന്നു | വ്യാകരണത്തിനു പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ<br><br>ദൈനംദിന ജിവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ പരിചയപ്പെടുത്തൽ | ആഴ്ചയിൽ എല്ലാ ദിവസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര്:റീഡിംഗ് കോർണർ

ഉപമേഖല: ഇംഗ്ലീഷ് ഭാഷപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ്പഠനാന്തരിക്ഷം സൃഷ്ടിക്കൽ | വായനാ കാർഡുകൾ, ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, ചാർട്ടിൽ വിവ രണങ്ങൾ, കഥകൾ, കവിതകൾ എന്നിവയുടെ പ്രദർശനം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ |

## പരിസര പഠനം

പ്രവർത്തനം-1

പ്രവർത്തനത്തിന്റെ പേര്: ഫീൽഡ്ട്രിപ്പ്

പ്രവർത്തനങ്ങൾ: പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ, ആവാസവ്യവസ്ഥ പരിചയപ്പെടൽ

കാലം: പ്രതിവർഷം 2 യാത്രകൾ ചുമതല: ക്ലാസ്സ് ടീച്ചർ

## പ്രവർത്തനം-2

പ്രവർത്തനത്തിന്റെ പേര്: ശാസ്ത്രപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രിയ മനോഭാവം വളർത്തൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ, പരിസര നിരീക്ഷണം | ആവശ്യാനുസരണം | സയൻസ് ക്ലബ് | 1000/- പിടിഎ |

## പ്രവർത്തനം-3

പ്രവർത്തനത്തിന്റെ പേര്: പഠനോത്പന്ന പ്രദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോത്പന്ന നിർമാണത്തിൽ താല്പര്യം ജനിപ്പിക്കൽ | പഠന പ്രക്രിയ ഭാഗമായി നിർമിച്ച ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | 1000/- സ്റ്റാഫ് ഫണ്ട് |

## പ്രവർത്തനം-4

പ്രവർത്തനത്തിന്റെ പേര്: മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസിലാക്കുന്നു | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് | 2500/- പിടിഎ സ്റ്റാഫ് ഫണ്ട് |

# മലയാളം

## പ്രവർത്തനം-1

പ്രവർത്തനത്തിന്റെ പേര്: അക്ഷരക്കളരി

ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചിഹ്നങ്ങൾ, അക്ഷരങ്ങൾ എന്നിവ ഉറപ്പിക്കൽ | പത്രം, മാസിക, കഥാപുസ്തകം, പാഠപുസ്തകം ഇവയിൽ നിന്ന് അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയൽ | എല്ലാ ദിവസവും അര മണിക്കൂർ | ക്ലാസ് ടീച്ചർ |

## പ്രവർത്തനം-2

പ്രവർത്തനത്തിന്റെ പേര്: വയനാമൂല്യം

ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനാശീലം വളർത്തുക | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ | പുസ്തകങ്ങൾ വർഗീകരിച്ചു ക്രമീകരിക്കൽ, വായനക്കാർഡ് തയ്യാറാക്കൽഅസംബ്ലിയിൽ വായനാകാർഡ് നൽകി വായിപ്പിക്കുന്നു | ക്ലാസ് ടീച്ചർ |

## പ്രവർത്തനം-3

പ്രവർത്തനത്തിന്റെ പേര്: സർഗാത്മകത , ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷാശേഷികളുടെ സമഗ്ര വികസനം | ആസ്വാദനക്കുറിപ്പ്, മാഗസിൻ തയ്യാറാക്കൽ, പ്രസംഗം, കഥ, കവിത രചന | ആസ്വാദനക്കുറിപ്പ്, മാഗസിൻ തയ്യാറാക്കൽ, പ്രസംഗം, കഥ, കവിത രചന | SRG |

<u>ഗണിതം</u>

*<u>പ്രവർത്തനം - 1</u>*

പ്രവർത്തനത്തിന്റെ പേര് : ഗണിതം മധുരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്കങ്ങൾ തിരിച്ചറിയൽ, സ്ഥാന വില പരിചയപ്പെടൽ, സംഖ്യാപരിചയം | അബാക്കസ് നിർമ്മാണം<br>എണ്ണിയെടുക്കൽ<br>കൂട്ടങ്ങളാക്കൽ<br>ആരോഹണം<br>അവരോഹണം | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ |

*<u>പ്രവർത്തനം - 2</u>*

പ്രവർത്തനത്തിന്റെ പേര് : ഗണിത ചുവര്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രൂപങ്ങൾ മനസിലാക്കൽ | ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കി വിദ്യാലയ ചുവർ മനോഹരമാക്കൽ | ~~ഒരു പ്രാവശ്യം~~ ഒരുവർഷം | പി.ടി.എ. എസ്.ആർ. ജി. | 2000/- പി. ടി.എ |

*<u>പ്രവർത്തനം - 3</u>*

പ്രവർത്തനത്തിന്റെ പേര് : പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്രപഠനം<br>കരചലന ശേഷികളുടെ വികാസവും<br>ചതുഷ്ക്രിയകൾ പരിചയപ്പെടൽ | സ്കെയിൽ, അളവ് തൂക്ക ഉപകരണങ്ങൾ, ക്ലോക്ക് ഇവ നിർമ്മിക്കുന്നു<br>സവിശേഷതകൾ പട്ടികപ്പെടുത്തൽ<br>പ്രദർശനം സംഘടിപ്പിക്കൽ<br>പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ | വർഷത്തിൽ | എസ്. ആർ. ജി., പി.ടി. എ. | 1500/- പി.ടി. എ. |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : പഠനക്കൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികവുകളുടെ അവതരണം, പഠനം കാര്യക്ഷമമാക്കൽ. | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനനേട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നുവീതം അര ദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണം | ഓരോ ടേമിലും ഒന്നു വീതം | എസ്.ആർ.ജി., പി.ടി.എ. | 2000/- |

## പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : വായനാക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായ പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതല്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥയിൽ വായിക്കുവാൻ നല്കൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറേയൻ. | 3000/- |

## പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളുമടങ്ങുന്ന ചെറുസംഘം സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ചു വായനശാലയിലേക്ക്ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി പിടിഎ |

## പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് : : പൂർവവിദ്യാർഥി സംഗമം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുക | വിവിധ ബാച്ചുകളിലായി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ, അവരുടെ മുമ്പിൽ വിദ്യാലയ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | 3 വർഷത്തിലൊരിക്കൽ | എസ്ആർജി പിടിഎ |

പ്രവർത്തനം-12

പ്രവർത്തനത്തിന്റെ പേര് : പഠനോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും മികവുകളും പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്ആർ ജി, പിടിഎ | 5000/- |

പ്രവർത്തനം-13

നവീകരിച്ച സ്കൂൾ കെട്ടിടം സ്മാർട്ട് ക്ലാസ് റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നവീകരിച്ച സ്കൂൾ കെട്ടിടം സ്മാർട്ട് ക്ലാസ് റൂം | അടിസ്ഥാന സൗകര്യ വികസനം | 3 വര്ഷം | എം.എൽ.എ<br>എം.പി<br>മുനിസിപ്പാലിറ്റി<br>മാനേജ്മെന്റ് | 30 ലക്ഷം |

*പ്രവർത്തനം - 16*

പ്രവർത്തനത്തിന്റെ പേര് : മാലിന്യസംസ്ക്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ-അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണ സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.എ., എസ്.ആർ.ജി. | 1 ലക്ഷം (മുൻസിപ്പാലിറ്റി) |

*പ്രവർത്തനം - 17*

പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം ആരോഗ്യം പഠനം. | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | പി.ടി.എ. മാനേജ്മെന്റ് | 3 ലക്ഷം |

*പ്രവർത്തനം - 18*

പ്രവർത്തനത്തിന്റെ പേര് : കമ്പ്യൂട്ടർ റൂം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച രീതിയിൽ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം ലഭിക്കുന്നതിന് | കുട്ടികൾക്ക് മികച്ചതും നിലവാരമുള്ളതുമായ കമ്പ്യൂട്ടർ പരിശീലനം നല്കൽ | ഒരു വർഷം | എസ്.ആർ.ജി., പി.ടി.എ. | ഒരു ലക്ഷം |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂളും, സമൂഹവും തമ്മിലുള്ള ബന്ധം ബലപ്പെടുത്തുന്നു.
- വിദ്യാലയ പ്രവേശനനിരക്ക് വർദ്ധിക്കുന്നു.
- മതേതര സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി പി.ടി.എ., എം.പി.ടി.എ., എസ്.ആർ.ജി എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
- ദൈനംദിന മോണിറ്ററിംഗ് എച്ച്.എം., എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം

## ഉപസംഹാരം

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണത്തിന്റെ ദോഷഫലങ്ങൾക്ക് മൂക്കു കയറിടാൻ ഈ പദ്ധതി ഉപകരിക്കും. ഓരോ കുട്ടിയും പ്രായത്തിനനുസരിച്ച് പഠന മുന്നേറ്റം നേടിയിരിക്കണം. അതിനനുസരിച്ച് അക്കാദമിക ആസൂത്രണം അത്യന്താപേക്ഷിതമാണ്. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും തങ്ങലുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ഈ ആസുത്രണം വഴി ലഭ്യമാകുന്നു. അങ്ങനെ നമ്മുടെ പൊതുവിദ്യാലയങ്ങലുടെ നന്മയും പൈതൃകവും കാത്തുസൂക്ഷിക്കാനും കൂടുതൽ കരുത്തുറ്റതാക്കാനും ഈ വിദ്യാലയ വികസന രേഖ സഹായകമാകട്ടെയെന്ന് ആശംസിക്കുകയും അതിനായി ഈ യജ്ഞത്തിൽ ഞങ്ങളും പങ്കാളികളാകുകയും ചെയ്യുന്നു.

## കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ

| YEAR | CLASS 1 | CLASS 2 | CLASS 3 | CLASS 4 | TOTAL |
|---|---|---|---|---|---|
| 2024-25 | 5 | 10 | 7 | 12 | 34 |
| 2025-26 | 5 | 4 | 8 | 8 | 25 |
| 2026-27 | | | | | |
| 2027-28 | | | | | |
| 2028-29 | | | | | |
| 2029-30 | | | | | |